**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2200** **01-09-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകൾ വഴി നൽകുന്ന മണ്ണെണ്ണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ ലിറ്ററിന് എത്ര രൂപയാണ് വില ഈടാക്കുന്നത്; ഇത് സബ്സിഡിയോടു കൂടിയ വിലയാണോയെന്ന് വ്യക്തമാക്കുമോ; | (എ) | 2022 ആഗസ്റ്റ് മാസത്തിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 89 രൂപയാണ്. നിലവിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല. |
| (ബി) | കഴിഞ്ഞ 3 വർഷത്തിനിടെ എപ്പോഴൊക്കെയാണ് മണ്ണെണ്ണ വിലയിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുള്ളത്; ഈ വില സംസ്ഥാന സർക്കാർ എപ്പോഴാണ് നടപ്പാക്കിയത്; | (ബി) | സബ്സിഡി , നോൺ – സബ്സിഡി മണ്ണെണ്ണയുടെ വില ഓരോ മാസത്തിലെയും ആദ്യ ദിനം വ്യത്യാസം വരുത്തുന്നുണ്ട്. ഓയിൽ കമ്പനിയിൽ നിന്നും ലഭിക്കുന്ന<br><br>Ex - Installation price - ലെ വ്യത്യാസ പ്രകാരം മാസം തോറും വില വ്യത്യാസപ്പെടുത്തുന്നുണ്ട് . മണ്ണെണ്ണ വില ജൂലൈ മാസത്തിൽ 102 രൂപയായി വർദ്ധിപ്പിച്ചപ്പോഴും സംസ്ഥാന സർക്കാർ 89 രൂപ നിരക്കിലാണ് മുൻപ് അനുവദിച്ചിരുന്ന മണ്ണെണ്ണ നൽകി വന്നിരുന്നത്. |
| (സി) | സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴെല്ലാമാണ് കുറവു വരുത്തിയത്; കഴിഞ്ഞ 3 വർഷത്തിനിടെ കേന്ദ്ര സർക്കാർ നൽകിയ മണ്ണെണ്ണ വിഹിതത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സബ്സിഡി മണ്ണെണ്ണ**

| സാമ്പത്തിക വർഷം | ലഭിച്ച മണ്ണെണ്ണ KL ൽ | ആകെ KL |
|---|---|---|
| 2019-20 | ആദ്യ പാദം 13908 KL അതിന് ശേഷമുള്ള 3 പാദങ്ങളിലും 9264 KL | 41700 KL |
| 2020-21 | എല്ലാ പാദവും 9264 KL | 37056 KL |
| 2021-22 | എല്ലാ പാദവും 6480 KL | 25920 KL |
| 2022-23 | ആദ്യ രണ്ട് പാദത്തിൽ 3888KL | 7776 KL |

**നോൺ - സബ്സിഡി മണ്ണെണ്ണ**

| സാമ്പത്തിക വർഷം | ലഭിച്ച മണ്ണെണ്ണ KL ൽ | ആകെ KL |
|---|---|---|
| 2019-20 | 4632 + 10476 | 15108 |
| 2020-21 | 3468 + 11640 | 15108 |
| 2021-22 | 3084+12024 +6780 | 21888 |
| 2022-23 | 2160 | 2160 |